കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം

## മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/2860/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 05-12-2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

2)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.എം.പി.എം.15/2860/2019 തിയ്യതി: 05/12/2019

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.01.2019 മുതൽ 12.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.11.2019 മുതൽ 30.11.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ഉണ്ണി പി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീമതി. സൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ജിഷ കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. അബ്ദുസലാം ചക്കാലക്കൽ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. കെ ജയൻ | 01.04.2018 മുതൽ 09.09.2018 വരെ & 24.09.2018 മുതൽ 20.03.2019 വരെ |
| | ശ്രീമതി. മിനി ടി.പി | 10.09.2018 മുതൽ 23.09.2018 വരെ |
| | ശ്രീ. പ്രശാന്ത് സി.പി (ഇൻ ചാർജ്) | 21.03.2019 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. മിനി ടി.പി | 01.04.2018 മുതൽ 08.10.2018 വരെ |
| | ശ്രീ. അരുൺ കുമാർ ബി (ഇൻ ചാർജ്) | 09.10.2018 മുതൽ 28.112018 വരെ |
| | ശ്രീമതി.യാമിനി പിള്ള | 29.11.2018 മുതൽ 10.03.2019 വരെ |
| | ശ്രീ. പ്രശാന്ത് സി.പി | 11.03.2019 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനിയർ | ശ്രീ. ശ്രീജിത്ത് വി.പി (ഇൻ ചാർജ്) | 01.04.2018 മുതൽ 10.04.2018 FN വരെ |
| | ശ്രീ.സാദിർബ്ല കാസിം | 10.04.2018 ANമുതൽ 19.05.2018 FN വരെ |
| | ശ്രീ. സാദിക്കലി എൈ.പി | 19.05.2018 ANമുതൽ 23.11.2018 FN വരെ |
| | ശ്രീ.മഹേഷ് ഒ | 23.11.2018 AN മുതൽ 28.02.2019 വരെ |
| | ശ്രീമതി. സുധർമ വി.പി | 01.03.2019 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. ജേക്കബ് ജേർസൺ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ആരുണി പി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.വിവേക് വി | 01.04.2018 മുതൽ 22.04.2018 വരെ |
| | ഡോ. അന ശിവൻ | 23.04.2018 മുതൽ 26.05.2018 വരെ |
| | ഡോ. അലക്സി | 27.05.2018 മുതൽ 01.06.2018 വരെ |
| | ഡോ. അന ശിവൻ | 02.06.2018 മുതൽ 31.07.2018 വരെ |
| | ഡോ.ദിവ്യ മോഹൻ | 01.08.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി .ഷീജ ജോസഫ് | 01.04.2018 മുതൽ 25.07.2018 FN വരെ |

| | | |
|---|---|---|
| | ശ്രീമതി. ആമിന ബി | 25.07.2018 ANമുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ .ബാബു. ടി.വി | 01.04.2018 മുതൽ 01.06.2018 വരെ |
| | ശ്രീ.അഷ്റഫ്. പി | 02.06.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഹാഷിം.പി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സമീറ. കെ. | 01.04.2018 മുതൽ 27.06.2018 FN വരെ |
| | ഡോ. ഹരീഷ് ബാബു | 27.06.2018 ANമുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ – അപാകത |
| 13 | 1-13 | തൊഴിൽ നികുതി ഈടാക്കിയില്ല. |
| 14 | 1-14 | തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. വസ്തു നികുതി ഈടാക്കിയതിൽ കുറവ്. |
| 15 | 1-15 | കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. |
| 16 | 1-16 | ലഭ്യമായ മരുന്നുകൾ - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 17 | 1-17 | മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല |
| 18 | 1-18 | വനിതകൾക്ക് ആട് വിതരണം പ്രൊജക്ട് – നിർവ്വഹണത്തിലെ അപാകതകൾ |
| 19 | 1-19 | പ്രോജക്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല. |

| | | |
|---|---|---|
| 20 | 1-20 | ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല. |
| 21 | 1-21 | എസ് സി മേഖലയിലെ പദ്ധതികൾ : രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ |
| 22 | 1-22 | ഷീപാഡ് പദ്ധതി - ഇൻസിനറേറ്റർ സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല |
| 23 | 1-23 | മഴക്കാല പൂർവ്വ ശുചീകരണം - തുകകൾ പൂർണ്ണമായി ചെലവഴിച്ചില്ല |
| 24 | 1-24 | കെട്ടിടത്തിന് വാടക നൽകിയത് - ആദായനികുതി ഈടാക്കിയില്ല |
| 25 | 1-25 | നിക്ഷേപങ്ങൾ - കാലാവധി കഴിഞ്ഞവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ് |
| 26 | 1-26 | തെരുവ് വിളക്ക് സ്ഥാപിക്കൽ - തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല |
| 27 | 1-27 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 28 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 29 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 32 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 34 | 4-7 | ഓഡിറ്റ് റിക്കവറി |
| 35 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 36 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 37 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 38 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 39 | Annexure 1 | Audit Certificate |
| 40 | അനുബന്ധം2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| | | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1/26.03.2018 | 1(1)/13.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 25.05.19 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 11056344.14 |
| വരവ് | 50588076 |
| ആകെ | 61644420.14 |
| ചെലവ് | 52124574 |
| നീക്കിയിരിപ്പ് | 9519846.14 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15443000 | 15443000 | 15301315 | 141685 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1209000 | 1209000 | 547034 | 661966 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5145000 | 5145000 | 3836103 | 1308897 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3262000 | 3262000 | 1276755 | 1985245 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7167000 | 7167000 | 5144237 | 2022763 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| സാക്ഷരത | 98370 | 3487 | 101857 | 0 | 101857 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | | | | | |
| ടോട്ടൽ സാനിറ്റേഷൻ | 289307 | 10260 | 299567 | 0 | 299567 |
| എെ.സി.ഡി.എസ് | 2048395 | 989325 | 3037720 | 1200000 | 1837720 |
| എസ്.എസ്.എ | 372555 | 22439 | 394994 | 0 | 394994 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | 1017 | 300468 | 301485 | 277245 | 24240 |
| എൻ.ഒ.എ.പി | 31654 | 1123 | 32777 | 0 | 32777 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ബി ഫണ്ട് | 0 | 15128640 | 15128640 | 15128640 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 59859213 | 101 | 36391039 | 0 | 58 | 60.79% |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1017 | 300468 | 301485 | 277245 | 24240 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 5601132.92 | 5601132.92 | 5601132.92 | 0 |
| ആകെ | 1017 | 5901600.92 | 5902617.92 | 5878377.92 | 24240 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ | ചെലവഴിച്ച | ഗുണഭോക്താക്കളുടെ |
|---|---|---|

| പേര് | തുക | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 10440 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 198000 | 47 |
| വിധവ പെൻഷൻ | 5163600 | 1209 |
| വാർദ്ധക്യകാല പെൻഷൻ | 7812800 | 1780 |
| വികലാംഗപെൻഷൻ | 1602600 | 374 |
| വിവാഹധനസഹായം | 300000 | 10 |
| 50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ | 17600 | 4 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 82539 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിച്ചിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.02.2019 | 01/2019 | 20.02.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക കണക്കുകളിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1. വസ്തു നികുതി കുടിശിക ഡിമാൻഡ് വാർഷിക കണക്കും (1,71,409), ഡിസിബി പത്രികയും (2,13,575) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2. ഷെഡ്യൂൾ ബി12 പ്രകാരം ഇൻവെസ്റ്റ്മെന്റ് ആയി 6100 രൂപ ഉണ്ടെങ്കിലും ആയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഷെഡ്യൂൾ ബി5 പ്രകാരം 716350 രൂപ വായ്പ ഉണ്ട്. ലോൺ റജിസ്റ്റർ പൂർത്തിയാക്കിയിട്ടില്ല.

4. വാടക ഇനത്തിൽ 2017-18ലെ ബി9 ഷെഡ്യൂൾ പ്രകാരം ഉള്ള അഡ്വാൻസ് കളക്ഷൻ 6886 രൂപയും RP43 പ്രകാരമുള്ള 61534 ഉം ചേർത്ത് 68420 രൂപയാണ് വരവ്. എന്നാൽ ഡിമാൻഡ് റജിസ്റ്റർ പ്രകാരം ആയത് 68340 ആണ്. 80 രൂപയുടെ വ്യത്യാസം കാണുന്നു.

5. ഷെഡ്യൂൾ ഐ.16 പ്രകാരം കെട്ടിട വാടകയ്ക്ക് 6545 രൂപ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വർക്ക് ഷീറ്റ് തയാറാക്കിയിട്ടില്ല.

6. ആസ്തികൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

7. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്കിലുൾപ്പെടുത്തിയ ആസ്തികളുടെ മൂല്യം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ല.

# 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നല്കുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232).

2018-19 ലെ ലൈസൻസിനായുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ലൈസൻസിനായി ആകെ ലഭിച്ച 192 അപേക്ഷകളിൽ 40 അപേക്ഷകൾ മാത്രമാണ് സാമ്പത്തിക വർഷം തുടങ്ങുന്നതിന് മുമ്പ് ലഭിച്ചത്. മുൻ വർഷം ലൈസൻസ് എടുത്തവർ എല്ലാം സമയബന്ധിതമായി ലൈസൻസ് പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ആകെ 192 സ്ഥാപനങ്ങൾക്കാണ് പഞ്ചായത്ത് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ട്രേഡേഴ്സ് ലിസ്റ്റിൽ 187 സ്ഥാപനങ്ങളുടെ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ

പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ലൈസൻസിന് അപേക്ഷിക്കുന്ന സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ അനുബന്ധ രേഖകളിൽ ചേർക്കേണ്ടതാണ്.

# 1-13 തൊഴിൽ നികുതി ഇൗടാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ 60 ദിവസമോ അതിൽ കൂടുതലോ ദിവസങ്ങൾ തൊഴിലിൽ ഏർപ്പെട്ടവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ താഴെ പറയുന്നവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ജീവന ക്കാരന്റെ പേര് | സ്ഥാപനം | അർദ്ധ വർഷം | തൊഴിലിൽ ഏർപ്പെട്ട ദിനങ്ങൾ |
|---|---|---|---|
| ദീപ കുമാരി സി.കെ | ഗവ. ഹൈസ്കൂൾ ചെറിയമുണ്ടം | ഫസ്റ്റ് | 73 ദിനങ്ങൾ (01.04.2018 മുതൽ 1.06.2018 വരെ) |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (7/26.11.19) ക്ക് മറുപടിയായി തൊഴിൽ നികുതി ഇൗടാക്കി വിവരം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

# 1-14 തെറ്റായ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു. വസ്തു നികുതി ഈടാക്കിയതിൽ കുറവ്.

കേരള പഞ്ചായത്ത്രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2011ലെ സ.ഉ.(അ)4/2011/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം പ്രകാരം വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ: 30/ രൂപ / ച.മി

താഴെ കൊടുത്തിട്ടുള്ള കെട്ടിടങ്ങളിൽ 4/91- A മുതൽ 4/91-F വരെയുള്ള കെട്ടിടങ്ങൾക്ക് പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച നിരക്കായ 50 രൂപ /ച.മീറ്റർ എന്നതിന് പകരം 30രൂപ /ച. മീറ്റർ എന്ന നിരക്കിലാണ് നികുതി നിശ്ചയിച്ചിട്ടുള്ളത് .

| ഉടമസ്ഥന്റെ പേര് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണം | ഉപയോഗ ക്രമം |
|---|---|---|---|
| സുലൈമാൻ & മുഹമ്മദാലി, വരിക്കോട്ടിൽ (വീട്) | 4/91- A<br>4/91-B<br>4/91-C<br>4/91-D | 110.17 ച.മീ | വാണിജ്യാവശ്യത്തിനുള്ള 100 ച.മീന് മുകളിലുള്ള കെട്ടിടം |

| | | | |
|---|---|---|---|
| | 4/91-E<br>4/91-F | | |
| | 4/91-G<br>4/91-H<br>4/91-I<br>4/91-J<br>4/91-K<br>4/91-L | 142.28 ച.മീ | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ |

30 രൂപ /ച.മീറ്റർ നിരക്കിൽ നിർണ്ണയിച്ച നികുതി

| കെട്ടിട നമ്പർ | അടിസ്ഥാന നികുതി | ഇളവ് (10%) | വർദ്ധനവ്(20%) | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|
| 4/91-A | 646.8 | 64.68 | 129.36 | 36 | 748 |
| 4/91-B | 646.8 | 64.68 | 129.36 | 36 | 748 |
| 4/91-C | 646.8 | 64.68 | 129.36 | 36 | 748 |
| 4/91-D | 454.8 | 45.48 | 90.96 | 26 | 527 |
| 4/91-E | 454.8 | 45.48 | 90.96 | 26 | 527 |
| 4/91-F | 455.1 | 45.51 | 91.02 | 26 | 527 |

50 രൂപ /ച.മീറ്റർ നിരക്കിൽ നിർണ്ണയിക്കേണ്ട നികുതി

| കെട്ടിട നമ്പർ | അടിസ്ഥാന നികുതി | ഇളവ് (10%) | വർദ്ധനവ് (20%) | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|---|
| 4/91-A | 1078 | 107.8 | 215.6 | 59.29 | 1245 |
| 4/91-B | 1078 | 107.8 | 215.6 | 59.29 | 1245 |
| 4/91-C | 1078 | 107.8 | 215.6 | 59.29 | 1245 |
| 4/91- | 758 | 75.8 | 151.6 | 41.69 | 876 |

| D | | | | | |
|---|---|---|---|---|---|
| 4/91-E | 758 | 75.8 | 151.6 | 41.69 | 876 |
| 4/91-F | 758.5 | 75.85 | 151.7 | 43.06 | 878 |

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (9/26.11.4)ക്ക് കെട്ടിടത്തിലെ ഓരോ മുറികൾക്കും പ്രത്യേകം ഏരിയ കണക്കാക്കി 100 ച.മീറ്ററിൽ താഴെയുള്ള വാണിജ്യ കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയത് 100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെയുള്ള കെട്ടിടങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി നികുതി പുനർനിർണ്ണയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-15 കെട്ടിട നിർമ്മാണ അനുമതി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സർക്കുലർ നമ്പർ 12900/ആർ.എ1/2015 /ത.സ്വ.ഭ.വ തിയതി:02.12.2015 പ്രകാരം കെട്ടിട നിർമ്മാണ അപേക്ഷകൾ സംബന്ധിച്ച ഒരു രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കേണ്ടതാണ്. രജിസ്റ്റർ 20.06.2007 ലെ 24136/ആർ.എ1/2007/ത.സ്വ.ഭ.വ സർക്കുലറിലെ അപൻഡിക്സ് ഒന്നിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തയ്യാറാക്കി കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2018-19 വർഷത്തിൽ കെട്ടിടനിർമ്മാണ അനുമതി സംബന്ധിച്ച രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ പഞ്ചായത്ത് അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റിൻമേലുള്ള തുടർനടപടികൾ കൃത്യമായി മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു. സർക്കുലർ നിർദ്ദേശ പ്രകാരമുള്ള കെട്ടിടനിർമ്മാണ അനുമതി രജിസ്റ്റർ ആവശ്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിക്കേണ്ടതാണ്.

# 1-16 ലഭ്യമായ മരുന്നുകൾ - സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ഹോമിയോ)

പ്രോജക്ട് നമ്പർ: 26/19 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

ബിൽ നമ്പർ: 01/18-19/20.12.2018 (250000/-)

പ്രോജക്ടു പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി നൽകുകയും മരുന്ന് രണ്ടു ഗഡുക്കളായി ലഭ്യമാവുകയും ചെയ്തതാണ്. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോഫോർമ ഇൻവോയ്സ് | മരുന്നുകൾ ലഭ്യമാക്കിയ /ഇൻവോയ്സുകൾ | തുക |
|---|---|---|---|
| 1 | PRF – 1296/13.12.2018 | LF-847/13.08.2019 | 102585/- |
| | | LF-1190/25.10.2019 | 147415/- |
| | | | 250000/- |

രണ്ടു ഗഡുക്കളായി മരുന്ന് ലഭ്യമായിട്ടുണ്ടെങ്കിലും രണ്ടാം ഗഡുവായി ലഭ്യമായ147415/- രൂപയുടെ മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/28.11.2019) കഴിഞ്ഞ മഴക്കാലത്തുണ്ടായ പ്രളയത്തിൽ സ്ഥാപനത്തിൽ വെള്ളം കയറിയതുമൂലം മരുന്നുകൾ ശേഖരിച്ചു വെക്കാനുള്ള അലമാരകൾ കേടുവന്നതിനാൽ മരുന്നുകൾ സൂക്ഷിച്ചു വെക്കുവാനുള്ള

ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നും 25.10.2019 ന് വന്ന മരുന്നുകൾ നിലവിൽ കാർട്ടനുകളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നുമാണ് മറുപടി നൽകിയത്. ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുക്കേണ്ടതാണ്. സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതുവരെ ചെലവു തുക 147415/- രൂപ തടസ്സത്തിൽ വെക്കുന്നു.

# 1-17 മുൻകൂർ തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

(i)2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം ചെയ്ത താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ബിൽ നമ്പർ/ ചെക്ക്നമ്പർ/ തിയ്യതി | തുക | പ്രൊഫോർമ ഇൻവോയ്സ് | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിവരം |
|---|---|---|---|---|---|---|
| 1 | 13/19 (പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ ) | 13/18-19/31.01.2019 | 2,00,000/- | PRF 4018/ 22.01.2019 | 93934 | 106066 |
| 2 | 21/19 പരിരക്ഷ ഹോം കെയർ പദ്ധതി | ചെക്ക് നമ്പർ 3077390/ 18.03.2019 | 1,00,000/- | PRF 4019/ 22.01.2019 | - | 100000 |
| | | | 300000/- | | | 206066 |

മരുന്നുകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/25.11.2019), KMSCL അധികൃതരെ നേരിട്ടും രേഖാമൂലവും ബന്ധപ്പെട്ടിട്ടുണ്ടെന്നും മരുന്നുകൾ ലഭ്യമാവുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതാണെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തു വിവരം ലഭ്യമാക്കുന്നതു വരെ ചെലവു തുക 206066/- രൂപ തടസ്സത്തിൽ വെക്കുന്നു.

(iii) പ്രോജക്ട് രജിസ്റ്ററിൽ പൂർണ്ണമായി വിവരങ്ങൾ ചേർത്തിട്ടില്ല. ആയത് പൂർത്തീകരിക്കേണ്ടതാണ്.

# 1-18 വനിതകൾക്ക് ആട് വിതരണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

2018-19 വർഷത്തിൽ മൃഗസംരക്ഷണ മേഖലയിൽ 90/19 പ്രോജക്ട് പ്രകാരം ആടുകളെ വനിതാ ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ | ചെലവ് വിവരം |
|---|---|---|
| 90/19 വനിതകൾക്ക് ആട് വിതരണം | 648000 (വികസന ഫണ്ട്)<br><br>648000 (ഗുണഭോക്തൃ വിഹിതം) | 1128000<br>ബിൽ നമ്പർ: 04/18-19/08.03.2019 (150000/-)<br><br>ബിൽ നമ്പർ: 06/18-19/08.03.2019 (204000/-)<br><br>ബിൽ നമ്പർ: 07/18-19/08.03.2019 (210000/-)<br><br>ചെക്ക് നമ്പർ : 3097201/21.03.2019 (82800/-)<br><br>ചെക്ക് നമ്പർ : 3077398/21.03.2019 (82800/-)<br><br>ചെക്ക് നമ്പർ : 3097203/21.03.2019 (82800/-)<br><br>ചെക്ക് നമ്പർ : 3077397/21.03.2019 (82800/-)<br><br>ചെക്ക് നമ്പർ : 3077393/21.03.2019 (90000/-)<br><br>ചെക്ക് നമ്പർ : 3077394/21.03.2019 (60000/-)<br><br>ചെക്ക് നമ്പർ : 3097202/21.03.2019 (82800/-) |

ആടുകളെ വെറ്ററിനറി സർജൻ നേരിട്ട് Angel goat farm, പാലക്കുഴ, എറണാകുളം എന്ന ഫാമിൽ നിന്നും വാങ്ങി നൽകുകയാണുണ്ടായത്. മേൽ പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രോക്യൂർമെന്റ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ Angel Goat farm എന്ന സ്ഥാപനത്തിൽ നിന്നും പർച്ചേസ് ചെയ്യാൻ കമ്മറ്റി വെറ്ററിനറി സർജനെ ചുമതലപ്പെടുത്തി തീരുമാനമെടുത്തിട്ടില്ല. ആടുകളെ വിതരണം ചെയ്യാൻ ടി സ്ഥാപനത്തിനെ തെരഞ്ഞെടുത്തതിന്റെ കാരണം വ്യക്തമല്ല. മേൽ അപാകതക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/28.11.2019) സമീപ പഞ്ചായത്തുകളിൽ മുൻ വർഷങ്ങളിൽ ടി

ഏജൻസി ഗുണനിലവാരമുള്ള ആടുകളെ വിതരണം ചെയ്തിട്ടുള്ളതാണെന്ന് മേലുദ്യോഗസ്ഥർ പറഞ്ഞതുകൊണ്ടാണ് ടി ഏജൻസിയെ തെരഞ്ഞെടുത്തതെന്നും ഫാമിന്റെ ലൈസൻസ്, വാക്സിനേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഏജൻസി ലഭ്യമാക്കിയതിനാലും പൊതു മാർക്കറ്റിൽ നിന്നും മുൻ വർഷങ്ങളിൽ വിതരണം ചെയ്തതിന് വാങ്ങിയ ആടുകൾ ഗുണനിലവാരമില്ലാത്തവയായതിനാലും ഗുണനിലവാരമുള്ള ആടുകളെ വാങ്ങുകയെന്ന ലക്ഷ്യത്തിനായാണ് ടി ഏജൻസിയിൽ നിന്നും ആടുകളെ പർച്ചേസ് ചെയ്തതെന്നും മറുപടി നൽകിയത്. എന്നാൽ ഏജൻസിയെ പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ചതിന്റെ രേഖകൾ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമായ ഫാം ലൈസൻസാണ് ടി സ്ഥാപനത്തിനുള്ളത്. ആയതു പ്രകാരം ഫാമിൽ വളർത്താൻ അനുവദിക്കപ്പെട്ട പരമാവധി മൃഗങ്ങളുടെ എണ്ണം 35 ആണ്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ആട്ടു വിതരണം പ്രോജക്ടിനായി 188 ആടുകളെ (6 മാസം മുതൽ 8 മാസം പ്രായമായവ) യാണ് ആവശ്യമുണ്ടായിരുന്നത്. ആയത് മൂന്ന തവണകളായാണ് ടി ഫാമിൽ നിന്നും വിതരണം ചെയ്തിട്ടുള്ളത്. (25.01.2019 ന് 50 എണ്ണം ; 12.02.2019 ന് 70 എണ്ണം ; 20.03.2019 ന് 68 എണ്ണം). വിതരണ രജിസ്റ്ററിലാണ് ആടുകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടുള്ളത്. ആടുകളെ നൽകിയതിന്റെ ബില്ലും ഫയലിൽ ഇല്ല. 35 ആടുകളെ വളർത്താവുന്ന ഫാമിൽ നിന്നും 188 എണ്ണം 3 മാസത്തിനിടെ വിതരണം ചെയ്തുവെന്നത് ക്രമപ്രകാരമല്ല. മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

3. 94 ഗുണഭോക്താക്കൾക്കായി 188 ആടുകളാണ് പദ്ധതി പ്രകാരം വിതരണം ചെയ്തത്. ഗുണഭോക്താക്കളുടെ അപേക്ഷകളിൽ ലഭ്യമായ 3 ഗുണഭോക്താക്കളുടെ ഫോൺനമ്പറുകളിൽ ബന്ധപ്പെട്ടപ്പോൾ ലഭ്യമായ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | ഫോൺ നമ്പർ | ലഭ്യമായ ആടുകളുടെ നിലവിലെ വിവരം |
|---|---|---|---|
| 1 | ശ്രീമതി സിന്ധു കമ്പിളിയാട്ട്, (വാർഡ് 9) | 9947255075 | 1 ആട് പനി വന്ന് ചത്തു. ഇൻഷൂറൻസ് ക്ലെയിം ചെയ്തിട്ടില്ല. മറ്റേ ആടിനെയും അസുഖം കാരണം വിറ്റൊഴിവാക്കി |
| 2 | ശ്രീമതി സനിത കുടുക്കിൽ (വാർഡ് 14) | 9745711703 | 1 ആട് പനി വന്ന് ചത്തു. ഇൻഷൂർ ചെയ്ത് 15 ദിവസം ആവുന്നതിന് മുൻപ് ചത്തതിനാൽ ഇൻഷൂറൻസ് ക്ലെം കിട്ടിയില്ല. ഒരാടിനെ വളർത്തുന്നു. |
| 3 | ശ്രീമതി ധന്യ മേനോത്തിൽ (വാർഡ് 15) | 9995957770 | പനി ബാധിച്ചതിനാൽ ലഭിച്ച് അധികം കഴിയാതെ തന്നെ വിറ്റ് ഒഴിവാക്കി |

മേൽ വിവരങ്ങളിൽ നിന്നും പ്രോജക്ട് പ്രകാരം വിതരണം ചെയ്ത ആടുകൾക്ക് ആരോഗ്യ ക്ഷമത കുറവായിരുന്നു എന്നതിന്റെ സൂചനയാണ് ലഭിക്കുന്നത്. ആയതിനാൽ മേൽ പ്രോജക്ട് വഴി ലഭ്യമായ ആടുകളുടെ നിലവിലെ വിവരം ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിതരണം ചെയ്ത 188 ആടുകളിൽ 6 ആടുകൾ മരണപ്പെട്ട വിവരം ഗുണഭോക്താക്കൾ മൃഗാശുപത്രിയിൽ അറിയിച്ചിട്ടുണ്ടെന്നും ആയതിൽ 2 പേർക്ക് ഏജൻസി ആടുകളെ നൽകുകയും 3 പേർക്ക് ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. ക്രമ നമ്പർ 2 ഗുണഭോക്താവിന് മാത്രമാണ് ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കാതെ പോയതെന്നും അറിയിച്ചു. പഞ്ചായത്ത് വഴി വിതരണം ചെയ്യുന്ന ആടുകളെ വൈകാതെ തന്നെ കൈമാറ്റം ചെയ്യുക എന്നത് പദ്ധതി ലക്ഷ്യത്തെ

ബാധിക്കുമെന്നതിനാൽ ഇത്തരം പ്രവണതകൾ ഇല്ലാതിരിക്കാൻ പദ്ധതിയുടെ തുടർ മോണിറ്ററിംഗ് ഫലപ്രദമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 പ്രോജക്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രധാനാധ്യാപകൻ

പ്രോജക്ട് : 173/18-19 ഇരിങ്ങാവൂർ ജി എൽ പി സ്കൂളിന് പ്രൊജക്ടർ വാങ്ങൽ

ബിൽ നമ്പർ : 02/18-19/22.03.2019 (49500/-)

റോഡിതര മെയിന്റനൻസ് ഗ്രാന്റിനത്തിൽ 55846/- രൂപ അടങ്കലിൽ തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം ഇരിങ്ങാവൂർ ജി എൽ പി സ്കൂളിന് പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും വിതരണം ചെയ്തതിന് മലബാർ ബിസിനസ്സ് സൊല്യൂഷൻ എന്ന സ്ഥാപനത്തിന് 49500/- രൂപ നൽകിയിട്ടുണ്ട്. മേൽ പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 4 ടെണ്ടറുകളാണ് മേൽ പ്രൊജക്ടിനായി ലഭിച്ചിരുന്നത്. ആയതിൽ അംഗീകരിച്ച മലബാർ ബിസിനസ്സ് സൊല്യൂഷൻ ലഭ്യമാക്കിയ ടെണ്ടറിൽ ഇനങ്ങളുടെ സ്പെസിഫിക്കേഷൻ, യൂണിറ്റ് പ്രൈസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ആകെത്തുകയിൽ കുറവു രേഖപ്പെടുത്തിയ ടി സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കുകയാണ് ചെയ്തത്. ആയത് ക്രമ പ്രകാരമല്ല. ടെൻഡറിൽ യൂണിറ്റ് സ്പെസിഫിക്കേഷനും തുകയും രേഖപ്പെടുത്തി, മറ്റു സ്ഥാപനങ്ങളുടേതുമായി താരതമ്യം ചെയ്ത് മാത്രം അനുയോജ്യമായ സാധനങ്ങൾ വാങ്ങുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

2) സ.ഉ(സാധാ) നം. 97/2018/പൊ.വി.വ, തിയ്യതി 06.01.2018 പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിലെ സ്കൂളുകൾക്ക് ആവശ്യമായ ഐ ടി സി ഹാർഡ്‌വെയർ ഉപകരണങ്ങൾ വാങ്ങുന്നതിന് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളിലേക്ക് വിവിധ ഐ ടി സി ഉപകരണങ്ങൾ വാങ്ങുന്നനതിനുള്ള മിനിമം സ്പെസിഫിക്കേഷൻ, ഈടാക്കാവുന്ന പരമാവധി തുക, വില്പനാനന്തര സേവന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ടി ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന ഈടാക്കാവുന്ന പരമാവധി തുകയിലും അധികരിച്ചാണ് മേൽ പ്രോജക്ട് പ്രകാരം പ്രോജക്ടറും പ്രോജക്ടർ സ്ക്രീനും വാങ്ങി നൽകിയിട്ടുള്ളത്.

അധിക നിരക്ക് നൽകുന്നതിന് ആധാരമാക്കിയ സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ടതാണെന്നു കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/22.11.2019) മേൽ ഉത്തരവ് പ്രകാരം സാധനങ്ങൾ വിതരണം ചെയ്യാൻ കെൽട്രോണിന് സപ്ലൈ ഓർഡർ നൽകിയപ്പോൾ, ഉത്തരവിലെ റേറ്റിന് പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാൻ സാധിക്കുകയില്ലെന്ന മറുപടി നൽകിയതിനാലാണ് ടെൻഡർ ക്ഷണിച്ച് പദ്ധതി നടപ്പിലാക്കിയതെന്നാണ് മറുപടി നൽകിയത്. സർക്കാർ ഉത്തരവിന് വിധേയമായി പ്രോജക്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കാൻ സാധിക്കാത്തത് പരിശോധനക്കു വിധേയമാക്കേണ്ടതും, തുടർന്നു വരുന്ന പർച്ചേസുകൾ സർക്കാർ ഉത്തരവുകൾക്കനുസരിച്ചാവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-20 ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല.

നിർവ്വഹണോദ്യോഗസ്ഥൻ : പ്രധാനാധ്യാപകൻ.

പ്രോജക്ട് : 174/19 ശുചിത്വം - സ്കൂൾ വിദ്യാർത്ഥികൾക്ക് സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് വാങ്ങൽ

ബിൽ നമ്പർ : 01/18-19/22.03.2019 (197950/-)

മേൽ പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 197950/- രൂപ ചെലവഴിച്ച് പഞ്ചായത്തിലെ 9 സർക്കാർ എയ്ഡഡ് സ്കൂളുകൾക്കായി 1850 ഗ്ലാസ്സുകളും പ്ലേറ്റുകളും വാങ്ങി നൽകിയിട്ടുണ്ട്. 200000/- രൂപയാണ് പ്രോജക്ടിന്റെ അടങ്കൽ. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

2018-19 ലെ സബ്സിഡി മാർഗ്ഗരേഖ (സ.ഉ (കൈ) നം. 22/2018/തസ്വഭവ തിയതി. 14.02.2018) ഖണ്ഡിക 2-7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമം മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി) 259/2010/തസ്വഭവ തിയതി.08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമായിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശിത മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ മതിപ്പ് വില 25000 രൂപക്ക് മുകളിലും 100000 രൂപക്ക് താഴെയുമുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറും 100000 രൂപക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറും ബാധകമാണ്. 200000/- രൂപ അടങ്കൽ തുക വരുന്ന ഈ പ്രോജക്ടിന് ഓപ്പൺ ടെണ്ടർ നടപടികളാണ് സ്വീകരിക്കേണ്ടത്. എന്നാൽ വ്യാപക പ്രചാരമുള്ള ഒരു ഇംഗ്ലീഷ് പത്രത്തിലും മലയാളം പത്രത്തിലും പരസ്യം നൽകേണ്ടതാണെന്ന ഓപ്പൺ ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചല്ല പർച്ചേസ് നടത്തിയിട്ടുള്ളത്. ഓപ്പൺ ടെണ്ടറിനായുള്ള സമയ ക്രമവും പാലിച്ചിട്ടില്ല. 200000/- രൂപയുടെ അടങ്കലിൽ രൂപീകരിച്ച പ്രോജക്ടിനായി, 07.01.2019 ലെ ടെണ്ടർ നോട്ടീസ് പ്രകാരം 14.01.2019, 1 PM വരെയാണ് ടെണ്ടർ ഫോറം വിതരണം. ലഭിക്കേണ്ട അവസാന തിയ്യതി 15.01.2019, 1 PM ഉം തുറക്കുന്ന തിയ്യതി 16.01.2019, 3 PM ഉം ആണ്. ആകെ 2 ടെണ്ടറുകൾ മാത്രമാണ് പ്രോജക്ടിനായി ലഭ്യമായത്. വ്യാപക പ്രചാരം നൽകിയിരുന്നുവെങ്കിൽ മത്സരാധിഷ്ഠിതമായി ടെണ്ടറുകൾ വരാനും കുറഞ്ഞ തുകക്ക് പ്രോജക്ട് നടപ്പിലാക്കാനും സാധിക്കുമായിരുന്നു. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (02/22.11.2019) തുടർ പദ്ധതികൾ നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 എസ് സി മേഖലയിലെ പദ്ധതികൾ : രൂപീകരണത്തിലും നിർവ്വഹണത്തിലും അപാകതകൾ

എസ് സി വികസന മേഖലയുമായി ബന്ധപ്പെട്ട് 06.02.2018 ന് വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച സ്റ്റാറ്റസ് റിപ്പോർട്ട്, ഗ്രാമ പഞ്ചായത്തിലെ എസ് സി ജനവിഭാഗത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുന്നുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിൽ പഞ്ചായത്തിലെ ഭൂരഹിത കുടുംബങ്ങൾ (32), ഭവനരഹിത കുടുംബങ്ങൾ (28), പൂർത്തീകരിക്കാത്ത വീടുകൾ (8), 6 മാസത്തിൽ കൂടുതൽ ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ (26), പൂർണ്ണമായും ജലക്ഷാമം നേരിടുന്ന കുടുംബങ്ങൾ (66), തൊഴിലില്ലായ്മ എന്നിങ്ങനെ പരിഹാരം കാണേണ്ട പ്രശ്നങ്ങൾ കണ്ടെത്തി സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

16.03.2018ലെ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിൽ എസ് സി മേഖലയിൽ 2018-19 ലേക്ക് പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം, പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം, പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ, എസ് സി സങ്കേതങ്ങളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ, വീട് വാസയോഗ്യമാക്കൽ എന്നീ പ്രോജക്ടുകളാണ് നടപ്പിലാക്കാനായി വിഭാവനം ചെയ്തത്. എന്നാൽ മേഖലയിൽ നടപ്പിലാക്കിയ പ്രോജക്ടുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ട് | റിമാർക്സ് |
|---|---|---|
| 1 | വീട് വാസയോഗ്യമാക്കൽ (74/19) | |
| | | |

| | | |
|---|---|---|
| 2 | പട്ടികജാതി യുവതികളുടെ വിവാഹത്തിന് ധനസഹായം (30/19) | |
| 3 | എസ്.സി. സങ്കേതങ്ങളിൽ സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ (40/19) | ചെലവില്ല |
| 4 | ഇരിങ്ങാവൂർ എച്ച്.ഡി.പി. കോളനി കുറുപ്പിൻപടി റോഡ് കോൺക്രീറ്റിംഗ്, പാർശ്വ ഭിത്തി (84/19) | ചെലവില്ല |
| 5 | പട്ടികജാതി കുടുംബങ്ങൾക്ക് പി.വി.സി. വാട്ടർ ടാങ്ക് സ്ഥാപിക്കൽ (163/19) | |
| 6 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം (36/19) | ചെലവില്ല |
| 7 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ (39/19) | |
| 8 | പട്ടികജാതി കുട്ടികൾക്ക് പഠനമുറി (172/19) | |

നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

(i) ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ 39/19 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് കമ്പ്യൂട്ടർ പ്രോജക്ടിന്റെ ഭാഗമായി 5 വിദ്യാർത്ഥികൾക്കാണ് ആനുകൂല്യം നൽകിയത്. ആയതിൽ 2018-19 വാർഷിക പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായ വ്യക്തിഗത ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് നടത്തിയതിൽ രണ്ടു പേർ മാത്രമാണ് ഗ്രാമസഭയിൽ അംഗീകരിച്ച് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. 10ാം വാർഡിൽ നിന്നും ആനുകൂല്യം നേടിയ ശ്രീമതി ആര്യ ശിവരാജ്, ശ്രീമതി അഞ്ജു ശിവരാജ് എന്നിവരെയും 2ാം വാർഡിൽ നിന്നും ആനുകൂല്യം നേടിയ ശ്രീമതി ഷാനി കോടതിയിൽ എന്നവരെയും 2018-19 വർഷത്തെ ഗുണഭോക്താക്കളായി തെരെഞ്ഞെടുത്തതിന്റെ രേഖകൾ അതാത് ഗ്രാമസഭാ മിനുട്സുകളിൽ ഇല്ല. 2019-20 പദ്ധതി നിർദ്ദേശങ്ങൾക്കിടയിൽ അജണ്ട പോലും ഇല്ലാതെ പേരുകൾ എഴുതിച്ചേർക്കുകയാണ് ചെയ്തത്. ഇത്തരം നടപടികൾ ക്രമപ്രകാരമല്ല.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (172/19) പ്രോജക്ടിനായി രണ്ടുപേർക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. വാർഡ് 16 ൽ നിന്നും ശ്രീ അരുൺ പ്രസാദ് എന്നവരും വാർഡ് 13 ൽ നിന്നും ശ്രീ വിവേക് എന്നവരും. ആയതിൽ ശ്രീ അരുൺ പ്രസാദ് എന്നവർ 16ാം വാർഡിലെ ഗ്രാമസഭയിൽ ഗുണഭോക്താവായി അംഗീകരിക്കപ്പെട്ടിട്ടില്ല. ശ്രീ വിവേക് എന്നവരാകട്ടെ എസ് സി വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പ്രോജക്ടിന്റെ ഗുണഭോക്താവായാണ് ഗ്രാമസഭ തെരെഞ്ഞെടുത്തിട്ടുള്ളത്. അതും 2019-20 വർഷത്തെ പദ്ധതി നിർദ്ദേശങ്ങൾക്കായി കൂടിയ ഗ്രാമസഭയിൽ അജണ്ടയൊന്നും ഇല്ലാതെ. വിദ്യാർത്ഥികൾക്ക് പഠനമുറി ആനുകൂല്യം നൽകുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിരുന്നൊ എന്ന് വ്യക്തമല്ല. 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറികൾ നിർമ്മിക്കുന്നതിനാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ അസി.എഞ്ചിനീയറുടെ മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിൽ പണി പൂർത്തീകരിച്ച വിസ്തൃതി വ്യക്തമാക്കിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനും ആവശ്യമെങ്കിൽ നികുതി ചുമത്തുന്നതിനും പൂർത്തീകരിച്ച പഠനമുറിയുടെ വിസ്തൃതി കൂടി ഉൾപ്പെടുത്തി വിശദമായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ഒരു വീട്ടിലെ എല്ലാ കുട്ടികൾക്കും കൂടിയാണ് പഠനമുറി നൽകേണ്ടത്. ഗുണഭോക്താവ് അംഗമായ കുടുംബത്തിന് മുൻപ് ആനുകൂല്യം കിട്ടിയിട്ടുണ്ടൊ എന്നും ഫയലിൽ നിന്നും വ്യക്തമല്ല.

പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർടാങ്ക് 163/18 പ്രോജക്ടിലെ ഗുണഭോക്തൃ തെരെഞ്ഞെടുപ്പും പ്രത്യേക അജണ്ട കൂടാതെ 2019-20 വർഷത്തെ വാർഷിക പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്കിടയിൽ

ഗുണഭോക്താക്കളുടെ പേരുകൾ എഴുതി ചേർത്തതായാണ് കാണുന്നത്. (ഉദാ:- 16, 10, 18 വാർഡുകൾ)

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/26.11.2019) ലഭ്യമാക്കിയ മറുപടിയിൽ എസ്.സി മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്ന സമയത്ത് തയ്യാറാക്കിയ പ്രോജക്ടുകളിലേക്ക് ആവശ്യമായ മാനദണ്ഡങ്ങൾ പാലിച്ച ഗുണഭോക്താക്കളെ ലഭിക്കാത്തതിനാൽ പദ്ധതികൾ ഒഴിവാക്കേണ്ടി വരുകയും ടി തുക മറ്റ് പ്രോജക്ടുകളിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തുകയും ചെയ്തതിനാൽ പുതിയ ഗുണഭോക്താക്കളെ കണ്ടെത്തി ഭരണസമിതി 26.02.2019 ലെ 1/1(11) തീരുമാനപ്രകാരം അംഗീകരിക്കുകയും തുടർന്നു വരുന്ന ഗ്രാമസഭയിൽ ഗുണഭോക്താക്കളെ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തുവെന്നും എന്നാൽ അത്തരം അജണ്ട വെക്കാൻ വിട്ടുപോയതിനാലാണ് ഗുണഭോക്തൃ തെരെഞ്ഞെടുപ്പിൽ മേൽ അപാകതകൾ സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്. (എന്നാൽ ടി ഗുണഭോക്താക്കളെ ഗ്രാമസഭയിൽ ചേർത്തത് 2018 നവംബർ മാസം കൂടിയ ഗ്രാമസഭയിലാണ്).

പൂർത്തീകരിച്ച പഠനമുറിയുടെ വിസ്തൃതി ഉൾപ്പെടുത്തി വിശദമായ മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് അസി. എഞ്ചിനീയർക്കും കുടുംബത്തിന് മുൻപ് ആനുകൂല്യം ലഭ്യമായിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ബ്ലോക്ക്/ജില്ലാ പട്ടികജാതി ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതിവരെ ചെലവു തുക 1,94,000/- രൂപ തടസ്സം ചെയ്യുന്നു. (ബിൽ നം. 02/18-19/20-12-18 (1,00,000/-) + 5/18-19/22-02-19 (50,000/-), 9/18-19/23-03-19–74,000/-). ടി ഗുണഭോക്താക്കൾക്ക് നൽകിയ ആനുകൂല്യം ഗ്രാമസഭയിൽ അംഗീകരിക്കേണ്ടതാണ്.

ഖണ്ഡികയിൽ പരാമർശിച്ച അപാകതകൾ ആവർത്തിക്കാതിരിക്കാനും ഗുണഭോക്തൃ തെരെഞ്ഞെടുപ്പ് കുറ്റമറ്റതാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-22 ഷീപാഡ് പദ്ധതി - ഇൻസിനറേറ്റർ സൗകര്യം ഉപയോഗപ്പെടുത്തുന്നില്ല

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ "ഷീ പാഡ്" എന്ന പദ്ധതി പ്രകാരം (Pr.No.S0015/19) തൻ വർഷത്തിൽ 1,20,000 രൂപ വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട് (Try.Bill No.36, തീ: 27-11-18). സ.ഉ.(സാധാ)നമ്പർ: 280/16/LSGD, തീ: 25-11-16 പ്രകാരം സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിറ്ററി നാപ്കിൻ വിതരണം, സ്കൂളുകളിൽ ഇൻസിനറേറ്റർ സ്ഥാപിക്കൽ, നാപ്കിൻ സൂക്ഷിക്കുന്നതിന് അലമാര വാങ്ങൽ എന്നിവക്ക് വേണ്ടിയാണ് ടി തുക മുൻകൂറായി ടി സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള സൗകര്യങ്ങൾ AMUPS വാണിയന്നൂർ, SVAUPS, GHS ചെറിയമുണ്ടം എന്നീ സ്ഥാപനങ്ങളിൽ ഒരുക്കാനാണ് മേൽ സ്ഥാപനത്തോട് ആവശ്യപ്പെട്ടിരുന്നത്.

പാഡ് = 4008 എണ്ണം

അലമാര = 5

ഇൻസിനറേറ്റർ = 3

ആയത് പ്രകാരമുള്ള എന്തെല്ലാം സൗകര്യങ്ങൾ മേൽ സ്കൂളുകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്നും മേൽ പ്രൊജക്ട് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ എന്നും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/തീ:2/25-11-19) ഐ.സി.ഡി.എസ്. സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയിൽ മേൽ പരാമർശിച്ച പ്രകാരമുള്ള സൗകര്യങ്ങൾ എല്ലാം മേൽ സ്കൂളുകളിൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ GHS ചെറിയമുണ്ടത്തിന് അനുവദിച്ച ഇൻസിനറേറ്റർ നിലവിൽ ഉപയോഗിക്കുന്നില്ലാത്ത ഒരു ടോയ്ലറ്റ് ബ്ലോക്കിലാണ് സ്ഥാപിച്ചിട്ടുള്ളതെന്നും

ആയത് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നില്ല എന്നും സൂപ്പർവൈസർ അറിയിക്കുകയുണ്ടായി. ഹയർ സെക്കന്ററി വിഭാഗം കൂടി പ്രവർത്തിച്ച് വരുന്ന ടി സ്കൂളിൽ ഇൻസിനറേറ്റർ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ് എന്നിരിക്കെ ആയത് ഉപയോഗിക്കാതിരിക്കുന്നത് അതിന് വേണ്ടി ചെലവഴിച്ച പണത്തിന്റെ പാഴ്ച്ചെലവാണ്. ടി സൗകര്യം മേൽ സ്കൂളിൽ ഉപയോഗപ്പെടുത്താനാവശ്യമായ മേൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-23 മഴക്കാല പൂർവ്വ ശുചീകരണം - തുകകൾ പൂർണ്ണമായി ചെലവഴിച്ചില്ല

ആരോഗ്യ ജാഗ്രത (Pre-monsoon) പ്രവർത്തനങ്ങൾക്കായി 2018-19 വർഷത്തിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയിരുന്ന 1,80,000 രൂപയുടെ (10,000/ward, Vr.No/Date:21800239/5-7-18, ശുചിത്വ മിഷൻ ഫണ്ട്) ചെലവ് വിവരങ്ങൾ പരിശോധിച്ചതിൽ ചില വാർഡുകളിൽ ഫണ്ട് മുഴുവനായും ചെലവഴിച്ചിട്ടില്ലെന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ചെലവഴിച്ച തുക | ബാക്കി |
|---|---|---|
| 1 | 9800 | 200 |
| 9 | 9750 | 250 |
| 12 | 8700 | 1300 |
| 16 | 9450 | 550 |

അവശേഷിച്ച തുകകൾ തിരികെ അടവാക്കേണ്ടതാണ്

കൂടാതെ, 4, 5, 6, 11, 13 എന്നീ വാർഡുകളിലെ ചെലവുരേഖകൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

# 1-24 കെട്ടിടത്തിന് വാടക നൽകിയത് - ആദായനികുതി ഈടാക്കിയില്ല

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന ഗവ. ഐ.ടി.ഐ. കെട്ടിടത്തിന്റെ വാടക ഇനത്തിൽ 2018-19 വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തനത് ഫണ്ടിൽ നിന്നും വാടക നൽകിയിട്ടുണ്ട് (കെട്ടിട ഉടമ: ചെറാട്ടയിൽ മൊയ്തു)

| മാസം | തുക | വൗച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി |
|---|---|---|---|
| 1,2,3/18 | 70,737 | 21800061/27-4-18 | 2244174/25-4-18 |
| 4,5,6/18 | 70,737 | 21800296/1-8-18 | 392461/1-8-18 |
| 7,8,9/18 | 70,737 | 21800465/17-10-18 | 3077330/17-10-18 |
| 10,11,12/18 | 70,737 | 21800691/15-1-19 | 3077365/15-1-19 |
| ആകെ = | 2,82,948 രൂപ | | |

ആദായനികുതി നിയമത്തിലെ സെക്ഷൻ 294 (എെ) പ്രകാരം പ്രതിവർഷം 1,80,000 രൂപക്ക് മുകളിൽ വാടക നൽകുന്ന കെട്ടിടങ്ങളിൽ നിന്നും 10 % നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. മേൽ പരാമർശിച്ച പ്രകാരം വാടക നൽകിയതിൽ ഓഡിറ്റ് വർഷത്തിൽ ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ആദായനികുതി നിയമത്തിലെ ബന്ധപ്പെട്ട വകുപ്പിൽ നിർദ്ദേശിക്കും പ്രകാരമുള്ള നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതാണ്

# 1-25 നിക്ഷേപങ്ങൾ - കാലാവധി കഴിഞ്ഞവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

വാർഷികകണക്കുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പരിശോധിച്ചതിൽ 31-03-19 ന് ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ നിക്ഷേപമായി പഞ്ചായത്തിൽ അവശേഷിക്കുന്നതായി കാണുന്നു.

| ഇനം | തുക |
|---|---|
| Suppliers EMD | 46,875 |
| Suppliers Security Deposit | 13,125 |
| Contractors retention | 81,541 |

ടി തുകകൾ പലതും പല വർഷങ്ങളായി മുൻബാക്കിയായി കണക്കുകളിൽ carry over ചെയ്ത് വരുന്നതാണെന്ന് കാണുന്നു. കാലാവധി കഴിഞ്ഞ നിക്ഷേപത്തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 തെരുവ് വിളക്ക് സ്ഥാപിക്കൽ - തുകയിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19ൽ നടപ്പിലാക്കിയ "സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ " എന്ന പ്രൊജക്റ്റ് പ്രകാരം (Pr. No.95/19, Spillover) തൻ വർഷത്തിൽ Usha Electronics Systems, സോപാനം, തൃത്താല, പാലക്കാട് എന്ന സ്ഥാപനത്തിന് 3,27,600 രൂപ വികസന ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട് (Try. Bill No/date: 10/16-7-18, 195 എണ്ണം 24W LED Street Lights – Automatic). കേന്ദ്ര ആദായനികുതി നിയമത്തിലെ വകുപ്പ് 194(C) പ്രകാരം Supply/Installation വരുന്ന മേൽ പ്രവൃത്തിയിൽ നിന്നും വ്യക്തികളാണെങ്കിൽ 1%വും സ്ഥാപനമാണെങ്കിൽ 2%വും ആദായനികുതി TDS ആയി ഈടാക്കേണ്ടതാണ്. ആയത് പ്രകാരം മേൽ പ്രൊജക്റ്റ് പ്രകാരമുള്ള ചെലവിൽ നിന്നും 3,27,600 x 2% = 6,552 രൂപ ഈടാക്കേണ്ടതായിരുന്നു. എന്നാൽ മേൽ പരാമർശിച്ച പ്രകാരമുള്ള ചെലവിൽ നിന്നും ആദായനികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് ഈടാക്കേണ്ടതാണ്.

# 1-27 പൊതുമാരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

പൊരുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട താഴെ കാണിച്ച അപാകതകൾ പരിഹരിക്കാൻ തുടർനടപടിയുണ്ടാവേണ്ടതാണ്.

### 1.റോഡ് കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിച്ചില്ല

റോഡുകളുടെ പുനരുദ്ധാരണം, ടാറിംഗ്, റീടാറിംഗ് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയ റോഡിന്റെ വിശദാംശം, യുനീക്ക് നമ്പർ ഉൾപ്പെടെയുള്ള കാര്യങ്ങൾ ഫോറത്തിലും, എസ്റ്റിമേറ്റ് റിപ്പോർട്ടിലും രേഖപ്പെടുത്താൻ നിർദ്ദേശമുള്ളതാണ്. ഗ്രാമപഞ്ചായത്തുകൾ അവയുടെ അധികാര പരിധിയിൽ വരുന്ന ഹൈവേകളും മേജർ ജില്ലാ റോഡുകളുമായും ഏറ്റവും ചെറിയ ജനവാസ സ്ഥലങ്ങളിൽവരെ എത്തിച്ചേരുന്നതുമായ എല്ലാ റോഡുകളുടേയും ഒരു കണക്റ്റിവിറ്റി പ്ലാൻ തയ്യാറാക്കാനും ബ്ലോക്ക് പഞ്ചായത്തിന് കൈമാറാനും പതിനൊന്നാം പഞ്ചവൽസര പദ്ധതി മുതലുള്ള മാർഗ്ഗരേഖകളിൽ നിർദ്ദേശമുള്ളതുമാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കണക്ടിവിറ്റി മാപ്പുകൾ തയ്യാറാക്കുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കാനും 28.2.2015 നകം പൂർത്തീകരിക്കാനും തദ്ദേശ ഭരണ വകുപ്പിന്റെ 14.10.2014 ലെ 45023/AB2/2014 സർക്കുലറിലും നിർദ്ദേശിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് സ്ഥാപന മേധാവികൾ കണക്റ്റിവിറ്റി പ്ലാനിന്റെ ആവശ്യകത തദ്ദേശഭരണ സ്ഥാപനങ്ങളെ ബോദ്ധ്യപ്പെടുത്താനും അതിനുള്ള പ്രോജക്ട് നിർബന്ധമായും ഏറ്റെടുക്കാനുമുള്ള ചീഫ് എഞ്ചിനീയറുടെ 24.09.2014 ലെ DB2/8510/14 ലെ സർക്കുലറിലും നിർദ്ദേശവും നിലനിൽക്കുണ്ട്.

2.**സൈറ്റിൽ സ്ഥാപിക്കുന്ന ഡിസ്പ്ലേ ബോർഡിൽ വിശദാംശമില്ല.**

പ്രവൃത്തി സംബന്ധിച്ച് സൈറ്റിൽ ഡിസ്പ്ലേ ബോർഡ് പ്രദർശിപ്പിക്കാനുള്ള നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഡിസ്പ്ലേ ബോർഡിൽ കോൺട്രാക്റ്ററുടെ / കൺവീനറുടെ പേര്, ഫോൺ നമ്പർ, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി സ്ഥാപിക്കാനാണ് നിർദ്ദേശമുള്ളത്.

3. **ഇ- ടെൻഡർ ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയില്ല.**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഇ-ടെൻഡർ സമർപ്പിക്കുമ്പോൾ കരാറുകാരിൽ നിന്നും ഓൺലൈനായി നിരതദ്രവ്യവും ടെൻഡർ ഷെഡ്യൂൾ ഫീയും സ്വീകരിക്കുന്നതിനായി ജില്ലാ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷനുകളിലെ എഞ്ചിനീയറിംഗ് തലവൻമാർക്ക് ബാങ്കിൽ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങാൻ 28.09.2013 ലെ ജി.ഒ.(എം എസ്) 318/2013/LSGD പ്രകാരം അനുമതി നൽകിയതാണ്. ചീഫ് എഞ്ചിനീയറുടെ 10.10.2013 ലെ DB1-7942/2013/CE/LSGD നമ്പർ സർക്കുലറിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളുടെ ബാങ്ക് എക്കൗണ്ടുകളുമായി ബന്ധിപ്പിക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തുടങ്ങിയ ബാങ്ക് എക്കൗണ്ടിന്റെ വിശദാംശം ഇ-ടെൻഡർ നടപടികളുടെ നോഡൽ ഏജൻസിയായി അംഗീകരിച്ച കേരള സംസ്ഥാന ഐ.ടി മിഷന് കൈമാറാനും നിർദ്ദേശമുള്ളതാണ്. 2016-17മുതൽ ഇ-ടെൻഡർ ചെയ്ത താഴെ

കാണിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ടെൻഡർ ഷെഡ്യൂൾ വിലയായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് വന്ന തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1).66/18: മണ്ടകത്തിൽ പറമ്പ് - കുന്നത്ത് കായൽ മില്ലുംപടി റോഡ് പുനരുദ്ധാരണം (5.7 ലക്ഷം രൂപ)

2).02/18: ഇരിങ്ങാവൂർ GMLPS മാതൃകാ വിദ്യാലയമാക്കൽ (9.5 ലക്ഷം രൂപ)

3).57/19: പറപ്പൂത്തടം മാങ്കുളം സുലൈമാൻപടി റോഡ് കോൺക്രീറ്റിംഗ് (5 ലക്ഷം രൂപ)

4).19/19: മീശപ്പടി തിരുത്തമ്മൽ വാരണക്കര റോഡ് റീടാറിംഗ് കോൺക്രീറ്റിംഗ് (7 ലക്ഷം രൂപ)

5).68/19: പാറക്കുഴി റോഡ് ടാറിംഗ്, റീറീടാറിംഗ്, കോൺക്രീറ്റിംഗ് (5 ലക്ഷം രൂപ)

6).72/19:വള്ളിയേങ്ങൽപടി-ചുടലപ്പുറം - പറപ്പൂത്തടം റോഡ് (6.5 ലക്ഷം രൂപ)

7).73/19: മച്ചിങ്ങപ്പാറ സലഫീമസ്ജിദ് ആലുംകുണ്ട് റോഡ് (6.25 ലക്ഷം രൂപ)

8).81/19: മായിനങ്ങാടി പുറയത്ത് നടപ്പാത കോൺക്രീറ്റിംഗ് (7 ലക്ഷം രൂപ)

9).84/19: ഇരിങ്ങാവൂർ IHDP കോളനി കുറുപ്പൻപടി റോഡ് കോൺക്രീറ്റിംഗ് (5.7 ലക്ഷം രൂപ)

10).86/19: GMLPS പറപ്പൂത്തടം മാതൃകാ വിദ്യാലയമാക്കൽ (7.65ലക്ഷം രൂപ)

4.**വെൽഫയർ ഫണ്ട് കളക്ഷൻ ചാർജ് ഈടാക്കാത്തത്**

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴസ് വെൽഫയർ സെസ് ആക്ട് 1996 സെക്ഷൻ 3(3) പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും ഈടാക്കുന്ന വെൽഫയർ ഫണ്ട് വിഹിതത്തിന്റെ 1 ശതമാനത്തിൽ കുറയാത്ത തുക തദ്ദേശഭരണ സ്ഥാപനത്തിന് കളക്ഷൻ ചാർജായി ശേഖരിക്കാൻ നിർദ്ദേശമുള്ളതാണ്. 2018-19 വർഷത്തിൽ മാത്രം വെൽഫയർ ഫണ്ട് വിഹിതമായി 132362രൂപയിൽ അധികം തുക ഈടാക്കി അടവാക്കിയിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളിൽ നിന്നും വെൽഫയർ ഫണ്ട് ഈടാക്കി അടവാക്കുമ്പോൾ പഞ്ചായത്തിന് ലഭിക്കേണ്ട കളക്ഷൻ ചാർജ് കുറവ് ചെയ്ത് അടവാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 22.07.19 മുതൽ 23.07.19 വരെ | കെ.എസ്.എ.എം.പി.എം.15/733/19 തിയതി.26.08.19 |

# 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 550000 | പ്രോ.നം-31/2018-19 നെൽകൃഷി വികസനം | 550000 | 0 |
| | 200000 | പ്രോ.നം-14/2018-19 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 200000 | 0 |
| ആകെ | 750000 | | 750000 | 0 |
| ജില്ലാ പഞ്ചായത്ത് | 300000 | പ്രോ.നം-14/2018-19 ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ | 300000 | 0 |
| | 283650 | പ്രോ.നം-38/2018-19 ലൈഫ് മിഷൻ ഭവന നിർമ്മാണം | 283650 | 0 |
| ആകെ | 583650 | | 583650 | 00 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | വായ്പയുടെ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 1243540 | 0 | 527190 | 0 | 716350 |

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷം | 2018-19 |
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 6100 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 0 |
| ആകെ | 6100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം<br>(ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സൊസൈറ്റിയിൽ ഷെയർ) | 6100 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ 2017-18 വർഷത്തിൽ ലഭിച്ച 9750 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത്/ട്രഷറി ചലാൻ നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 250 | ഹംസ | 118070101850/27.07.18 |
| | 2-2 | 250 | ഷുഹൈബ് താഴെത്തേതിൽ | 118070101919/02.08.18 |
| | 2-2 | 250 | സുബൈർ കരിങ്കപ്പാറ | 118070101923/02.08.18 |
| | 2-2 | 200 | ഹനീഫ മേലേപീടിയേക്കൽ | 118070101931/03.08.18 |
| | 2-2 | 200 | ചോക്കാലി കല്ലുങ്ങൽ | 118070101932/03.08.18 |
| | 2-2 | 200 | ഹംസ കോഴിപ്പള്ളി | 118070101936/03.08.18 |
| | 2-2 | 250 | സാജിദ് എം | 118070101973/06.08.18 |
| | 2-2 | 250 | ഹംസ മുത്താണിക്കാട്ട് | 118070101985/06.08.18 |
| | 2-2 | 200 | മൂസ പള്ളിപ്പാട്ട് | 118070102114/13.08.18 |
| | 2-2 | 200 | മൂസ പള്ളിപ്പാട്ട് | 118070102115/13.08.18 |
| | 2-2 | 250 | ബീരാൻകുട്ടി | 118070102294/04.09.18 |
| | 2-2 | 500 | ഫൈസൽ കാക്കേട്ടേരി | 118070102429/11.09.18 |
| | 2-2 | 250 | അബ്ദുൾ ജബ്ബാർ | 118070102455/12.09.18 |
| | | | | |

| | | | | |
|---|---|---|---|---|
| | 2-2 | 250 | ഷാജി മോൻ | 118070102572/13.09.18 |
| | 2-2 | 250 | അദ്നാൻ | 118070102573/18.09.18 |
| | 2-2 | 250 | കുഞ്ഞിമുഹമ്മദ് | 118070102587/18.09.18 |
| | 2-2 | 250 | അലി അക്ബർ | 118070102588/18.09.18 |
| | 2-2 | 250 | ഷുഹൈബ് | 118070102589/18.09.18 |
| | 2-2 | 250 | ഉമ്മർ | 118070102590/18.09.18 |
| | 2-2 | 300 | മുഹമ്മദാലി | 118070102744/28.09.18 |
| | 2-2 | 500 | അൻവർ പിവി | 118070102795/03.10.18 |
| | 2-2 | 500 | അബ്ദുസലാം കെ | 118070102824/05.10.18 |
| | 2-2 | 250 | മുനവർ ഫൈറൂസ് | 118070103026/17.10.18 |
| | 2-2 | 250 | തൗഫീഖ് | 118070103100/24.10.18 |
| | 2-2 | 250 | മുഹമ്മദ് അൻസാരി | 118070103123/24.10.18 |
| | 2-2 | 100 | ഇസ്മായിൽ പിഎ | 118070103238/31.10.18 |
| | 2-2 | 250 | കുഞ്ഞിപ്പോക്കർ | 118070103445/09.11.18 |
| | 2-2 | 250 | സിദ്ദീഖ് മുത്താമിക്കാട് | 118070105991/29.01.19 |
| | 2-2 | 100 | ഹസീന | 118070106099/31.01.19 |
| | 2-2 | 200 | അബ്ദു നാസർ പിടി | 118070106510/08.02.19 |
| | 2-2 | 200 | ബീരാൻക്കുട്ടി ഹാജി | 118070107475/15.03.19 |
| | 2-2 | 200 | റിയാസ് മോൻ പി | 118070107486/15.03.19 |
| | 2-2 | 200 | മുഹമ്മദ് ബഷീർ പി | 118070107517/20.03.19 |
| | 2-2 | 500 | നാസിർ കെപി | 118070107538/22.03.19 |
| | 2-2 | 500 | ഷംസുദ്ധീൻ | 118070107538/22.03.19 |
| | 2-2 | 250 | അഷ്റഫ് | 118070107574/30.03.19 |
| | 2-2 | 100 | യൂസഫ് | 118070107575/30.03.19 |
| | 2-2 | 100 | അസീസ് | 118070107576/30.03.19 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 33, 34, 35, 36 | 2003-04 | മറ്റ് പരാമർശങ്ങൾ | റോഡ് പുനരുദ്ധാരണം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2009-10 10-11 | 3(19) | 2013-14 | ലഘു അവലോകനം | | |
| 2014-15 | 2(1), 2(2) | 2016-17 | | വസ്തു നികുതി, തൊഴിൽ നികുതി | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 44 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 143.75 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 143.75 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1996-97 | 45 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 4453 | 202/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 202 | 4251 | |
| | | 46 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1422 | 247/- 46208/9 9.11.04 | ഇല്ല | ഇല്ല | ഇല്ല | 247 | 1175 | |
| | | 47 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 1820 | 300/- 46280/94 19.08.05 | ഇല്ല | ഇല്ല | ഇല്ല | 300 | 1520 | |
| | | 53 | ശ്രീ.കെ.എം. രഘുനാഥൻ, ജൂ.സൂപ്രണ്ട്. | LF 27890/ Spl.cell/ SC3/99 24.07.2001 | 2015 | 29/- 47529/63 9.08.06 | ഇല്ല | ഇല്ല | ഇല്ല | 29 | 1986 | |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 50588076 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 52124574 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 627481 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 147415 | ഡോ. ഹരീഷ് ബാബു, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-17 | 206066 | ഡോ.ഹാഷിം.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 1-21 | 150000 | ശ്രീമതി. യാമിനി പിള്ള (അസിസ്റ്റന്റ് സെക്രട്ടറി) |
| | 74,000 | ശ്രീ.പ്രശാന്ത്. സി.പി., (അസിസ്റ്റന്റ് സെക്രട്ടറി) |
| 1-23 | 50000 | ഡോ.ഹാഷിം.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| | 627481 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ഹരീഷ് ബാബു, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ആയുഷ് പി.എച്ച്.സി (ഹോമിയോ), ചെറിയമുണ്ടം. | എന്തോപ്പ് ഹൗസ്, ആറോളി പി ഒ, പാപ്പിനിശ്ശേരി, കണ്ണൂർ. |
| ഡോ.ഹാഷിം.പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ചെറിയമുണ്ടം | ഇൻഷ ഹക്ക്, ബീച്ച് റോഡ്, താനൂർ. |
| ശ്രീമതി. യാമിനി പിള്ള അസിസ്റ്റന്റ് സെക്രട്ടറി | ലഭ്യമല്ല | 'രോഹിണി, യു.സി. കോളേജിന് എതിർവശം, ആലുവ – 2 |
| ശ്രീ. പ്രശാന്ത്. സി.പി. അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെറിയമുണ്ടം ഗ്രാമ പഞ്ചായത്ത് | പ്രശാന്ത്ഭവൻ, കല്ലിങ്ങൽപറമ്പ്, കൽപ്പകഞ്ചേരി (പി.ഒ), മലപ്പുറം |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.എം.15/444/98 /7.10.2010 | 5 | |
| 1997-98 | എൽ.എഫ്.എം.15/622/02 /7.10.2010 | 16 | |
| 1998-99 | എൽ.എഫ്.എം.15/740/04 /7.10.2010 | 33 | |
| 1999-00 | എൽ.എഫ്.എം.8/850/04/7.10.2010 | 19 | |
| 2000-01 | എൽ.എഫ്.എം.15/894/04/ 7.10.2010 | 27 | |
| 2001-02(വരവ്) | എൽ.എഫ്.എം.15/1489/08/7.10.2010 | 13 | |
| 2001-02 (ചെലവ്) | എൽ.എഫ്.എം.11/1489/08/7.10.2010 | 2 | |
| 2002-03 | എൽ.എഫ്.എം.15/140/08/7.10.2010 | 8 | |
| 2003-04 | എൽ.എഫ്.എം.11/141/08/ 7.10.2010 | 11 | |
| 2004-05 | എൽ.എഫ്.എം.11/409/09/ 22.10.2011 | 11 | |
| 2005-06 | എൽ.എഫ്.എം.11/100/10/ 20.8.2010 | 9 | |
| 2006-07 | എൽ.എഫ്.എം.11/101/10/ 20.8.2010 | 11 | |
| 2007-08 | എൽ.എഫ്.എം.15/478/11/ 11.07.2011 | 22 | |
| 2008-09 | എൽ.എഫ്.എം.15/1179/11/06.08.2011 | 27 | |
| 2009-2010, 2010-2011 | എൽ.എഫ്.എം.15/1480/13/13.12.2013 | 26 | |
| | [illegible] | | |

| | | | |
|---|---|---|---|
| 2011-13 | കെ. എസ്. എ. എം. പി. എം.15/94/2016/ 02.03.2016 | 9 | |
| 2013-14, 2014-15 | കെ.എസ്.എ. എം. പി.എം.15/2013/2016/ 3.8.2016 | 8 | |
| 2015-16 | കെ.എസ്.എ.എം.പി.എം.15/3400 / 2016/ 25.01.2017 | 12 | |
| 2016-17 | കെ.എസ്.എ.എം.പി.എം.15/2034 / 2017/ 19.07.2018 | 17 | |
| 2017-18 | കെ.എസ്.എ.എം.പി.എം.15/274 / 2019/ 1.06.2019 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

എൽ. 12/19

## Annexure-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/733/2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in


തിയ്യതി:26.08.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധ നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)